## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 87 20.3.2013-ൽ മറുപടിയ്ക്ക്

### സ്വകാര്യ ആശുപത്രികളിലെ ഫാർമസികൾ

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ഇ. പി. ജയരാജൻ
ശ്രീ.പി.റ്റി.എ. റഹീം
ശ്രീ. കെ. കെ. നാരായണൻ

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സ്വകാര്യ ആശുപത്രികളിലെ ഫാർമസികളുടെ പ്രവർത്തനം നിരീക്ഷിക്കാറു ണ്ടോ; | (എ) നിരീക്ഷിക്കാറുണ്ട്. ഫാർമസിയുള്ള സ്വകാര്യ ആശുപത്രികൾ എല്ലാം ഡ്രഗ്സ് ലൈസൻസ് എടുക്കേണ്ടതുണ്ട്. ഇവിടെ നിയമ പ്രകാരം പരിശോധന നടത്താറുണ്ട്. |
| (ബി) ഇവ ആശുപത്രികളുടെ അമിത ലാഭം വർദ്ധിപ്പിക്കാനുള്ള ഒരു ഉപാധിയാണെന്നു മനസ്സിലാക്കിയിട്ടു ണ്ടോ; | (ബി)മരുന്നുകൾക്ക് എം.ആർ.പി.യിൽ കൂടുതൽ വില ഈടാക്കുന്നതായി കണ്ടെത്തിയവർക്കെതിരെ നിയമ നടപടി സ്വീകരിച്ചു വരുന്നു. |
| (സി)ഡ്രഗ് ഇൻസ്പെക്ടർമാർ ഇവിടങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച്. വില്ക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്താറു ണ്ടോ; | (സി)ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്വകാര്യ ആശുപത്രികളിൽ നിന്നും മരുന്നുകൾ പരിശോധനയ്ക്ക് എടുത്ത് ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. |
| (ഡി)രോഗികൾക്ക് പ്രത്യേകിച്ച് കിടത്തി ചികിത്സ നൽകുന്നവർക്ക് അമിത വിലയ്ക്കാണു മരുന്നു വില്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ ? | (ഡി)കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് മരുന്നിന് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ